**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 783** **11-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നുള്ള വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ നാളിതുവരെ സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും എത്ര കോടി രൂപയുടെ വായ്പ എടുത്തിട്ടുണ്ട്; ഏതൊക്കെ ഇനങ്ങളിലാണ് വായ്പ എടുത്തിട്ടുള്ളതെന്നും ഓരോ വായ്പയുടെയും പലിശ നിരക്ക് എത്രയാണെന്നും തിരിച്ചടവ് കാലാവധി എപ്രകാരമാണെന്നും വിശദമാക്കുമോ; | (എ) | സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 2018 ആഗസ്റ്റ് മാസം മുതൽ 2024 ഫെബ്രുവരി മാസം വരെ 12986.74 കോടി രൂപയും കെ.എസ്.ആർ.ടി.സി പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 2018 ഫെബ്രുവരി മാസം മുതൽ 2024 മെയ് മാസം വരെ 4480.28 കോടി രൂപയും സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും വായ്പയായി നൽകിയിട്ടുണ്ട്. മേൽ പറഞ്ഞിട്ടുള്ള രണ്ടിനം വായ്പകൾക്കും നിലവിലെ പലിശ നിരക്ക് 9.1 ശതമാനമാണ്. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണത്തിനായി നൽകിയിട്ടുള്ള നിലവിലുള്ള വായ്പയുടെ കാലാവധി 12 മാസവും കെ.എസ്.ആർ.ടി.സി പെൻഷൻ വിതരണത്തിനായി നൽകിയിട്ടുള്ള നിലവിലുള്ള വായ്പയുടെ കാലാവധി 6 മാസവുമാണ്. |
| (ബി) | ഏതെങ്കിലും വായ്പകളുടെ തിരിച്ചടവ് മുടങ്ങുകയോ തിരിച്ചടവ് കാലാവധി ദീർഘിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ: പ്രസ്തുത വായ്പകളുടെ തിരിച്ചടവ് മുടങ്ങുന്ന പക്ഷം ആയത് കൺസോർഷ്യത്തിൽ ഉൾപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ തകർച്ചയിലേക്ക് നയിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | സോഷ്യൽ സെക്യൂരിറ്റി പെൻഷൻ, കെ.എസ്.ആർ.ടി.സി പെൻഷൻ എന്നിവയുടെ വിതരണത്തിനായി നൽകിയിട്ടുള്ള വായ്പകളുടെ തിരിച്ചടവ് മുടങ്ങിയിട്ടില്ല. കൂടാതെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണത്തിനായി നൽകിയിട്ടുള്ള വായ്പ, കാലാവധി പൂർത്തിയായ ശേഷം തുക തിരികെ ആവശ്യപ്പെട്ടിട്ടുള്ള സംഘങ്ങൾക്ക് ആയത് തിരികെ നൽകുകയും വായ്പ പുതുക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ള സംഘങ്ങൾക്ക് സർക്കാർ ഉത്തരവുകൾ പ്രകാരം വായ്പയുടെ കാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. അടിയന്തിര സാമ്പത്തിക സാഹചര്യങ്ങളാൽ കൺസോർഷ്യം മുഖേന നൽകിയിട്ടുള്ള തുക കാലാവധിക്ക് മുമ്പ് തിരികെ ആവശ്യപ്പെടുന്ന സംഘങ്ങൾക്ക് ആയത് തിരികെ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ